പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നീക്കം ചെയ്യണമെന്ന് സുപ്രീം കോടതി നിയമിച്ച മൂന്നംഗ സമിതി ശിപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നടപ്പാക്കിവരുന്ന തിരുവനന്തപുരം നഗര റോഡ്വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏകദേശം 43 കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളുടെ വശങ്ങളിലുള്ള പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനും നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, ജില്ലാ ഭരണ കൂടവുമായി ബന്ധപ്പെട്ട് നിരന്തരം നടപടികൾ സ്വീകരിച്ചുവരികയാണ്. ദേശീയ പാതാ വിഭാഗത്തിൽ അനധികൃത പരസ്യ ബോർഡുകളും കയ്യേറ്റങ്ങളും മറ്റും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത് മാറ്റുവാനുള്ള നോട്ടീസ് കൊടുക്കുകയും യാത്രക്കാർക്ക് തടസ്സം ഉണ്ടാക്കുന്ന പരസ്യങ്ങളും മറ്റ് കയ്യേറ്റങ്ങളും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പാതയോരങ്ങളിൽനിന്ന് പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനും കയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പാചകവാതക വിതരണം സുഗമമാക്കാൻ താലൂക്ക് തലത്തിൽ അദാലത്തുകൾ

30 (*120) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലാതല ഓപ്പൺ ഫോറത്തിൽ ഉപഭോക്താക്കൾക്ക് തർക്ക പരിഹാരത്തിന് പോകേണ്ട അവസ്ഥ ഇത്തരത്തിലുള്ള താലൂക്ക് അദാലത്തുകൾ മുഖേന ഒഴിവാക്കുമോ ;

(സി) താലൂക്ക് തല അദാലത്തുകളിൽ ഓയിൽ കമ്പനി പ്രതിനിധികൾക്ക് പുറമെ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ-ഡി) നിലവിൽ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫാറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുമാരി സീതാലക്ഷ്മിയുടെ ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും നൽകാൻ നടപടി

1 (1017) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 അദ്ധ്യയന വർഷം IHRD-യുടെ കീഴിലുള്ള കരുനാഗപ്പള്ളി എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ചിരുന്ന ബി.ടെക് വിദ്യാർത്ഥിനിയായിരുന്ന കുമാരി സീതാലക്ഷ്മി, ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ കോളേജ് അധികൃതർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച പ്രസ്തുത വിദ്യാർത്ഥിനി മുഴുവൻ ഫീസും നൽകിയിട്ടുണ്ടോ ;

(സി) ടി.സി.യും സർട്ടിഫിക്കറ്റുകളും നൽകാതിരിക്കാൻ എന്ത് നിയമതടസ്സമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമതടസ്സമൊന്നും ഇല്ലെങ്കിൽ ടി.സി.യും സർട്ടിഫിക്കറ്റുകളും നൽകുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly